ചിറ്റാർതോട്ടിലെ പാലത്തിന്റെ പണി

122. [142] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ ചിറ്റാർ—അങ്ങാമൂഴി റോഡിൽ ചിറ്റാർ തോടിന് കുറുകെ നിർമ്മിക്കുന്ന പാലത്തിന്റെ പണി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ കൃത്യമായി പറയുവാൻ ബുദ്ധിമുട്ടുണ്ട്.

(ബി) ആദ്യകരാറുകാരൻ പണി നിർത്തി വച്ച് ആർബിട്രേഷന് പോയതിനാൽ ഈ പാലത്തിന്റെ പണിയിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഇപ്പോൾ രണ്ടാമതും ടെണ്ടർ വിളിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ബംഗ്ലാംകടവ് പാലം പണി

123. [147] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

റാന്നി നിയോജകമണ്ഡലത്തിൽപ്പെട്ട പഴവങ്ങാടി, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബംഗ്ലാംകടവ് പാലം പണിയാൻ എന്തു നടപടിയാണ് ഇതിനകം സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഈ പാലത്തിന്റെ പണിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 100 രൂപ വക കൊള്ളിച്ചിട്ടുണ്ട്. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ വേണ്ട നടപടികളും സ്വീകരിച്ചു വരുന്നു.

ടോൾ പിരിക്കുന്ന പാലങ്ങൾ

124. [152] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, സി. റ്റി. അഹമ്മദ് അലി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ടോൾ പിരിക്കുന്ന എത്ര പാലങ്ങൾ ഉണ്ട് ;

(ബി) അവ ഏതെല്ലാം ;

(സി) എത്ര കാലത്തേക്കാണ് ടോൾ പിരിക്കുന്നത് ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ടോൾ പിരിക്കാൻ ആരംഭിച്ച പാലങ്ങൾ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly